**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ രനിത രവീന്ദ്രനാഥ് (പെൻ 884409), അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം:- 1. DMOH-TSR/3697/2025-A6 തീയതി. 27.05.2025

2. കാരണം കാണിക്കൽ നോട്ടീസ് നം DHS/14121/2025-EA4 തീയതി 17.06.2025

3. ഡോ രനിത രവീന്ദ്രനാഥ് സമർപ്പിച്ച അപേക്ഷ തീയതി 23.06.2025

**ഉത്തരവ് നം. DHS/14121/2025-EA4 തീയതി.01-07-2025**

ഡോ രനിത രവീന്ദ്രനാഥ് (Dr Ranitha Ravindranath PEN 884409), 12.02.2020 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തൃശ്ശൂർ മുള്ളൂർക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 01.09.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമാശം (3) പ്രകാരം ഡോ രനിത രവീന്ദ്രനാഥ് മറുപടി സമർപ്പിച്ചു. സർവ്വീസിൽ തുടരുന്നതിന് ബുദ്ധിമുട്ടുള്ളതായും പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തണമെന്നും അറിയിച്ചിരിക്കുന്നു.

(2) ഡോ രനിത രവീന്ദ്രനാഥ് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിന്

സർവ്വീസിൽ തുടരുന്നതിന് ബുദ്ധിമുട്ടുള്ളതായും പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തണമെന്നും അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ **01.09.2020** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ രനിത രവീന്ദ്രനാഥ് അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ രനിത രവീന്ദ്രനാഥ് അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 01-07-2025 15:03:58

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Ranitha Ravindranath,**

**Lakshmi Smrithi, Minalur P O**

**Mulamkunnathu Kavu (via), Thrissur-680581**

പകർപ്പ്,

**1.** അക്കൗണ്ടന്റ് ജനറൽ (എ **&** ഇ) കേരള,

തിരുവനന്തപുരം.

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

തൃശ്ശൂർ.

**3.** മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

കുടുംബാരോഗ്യ കേന്ദ്രം മുള്ളൂർക്കര, തൃശ്ശൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

**4.** ഫയൽ